# കേരള സർക്കാർ

## സംഗ്രഹം

സഹകരണ വകുപ്പ് - സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന നിക്ഷേപ/വായ്പാ പിരിവുകാരുടെയും അപ്രൈസർമാരുടെയും സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സഹകരണ (ബി) വകുപ്പ്

സ.ഉ (കൈ)നം. 29/2016/സഹ  തീയതി, തിരുവനന്തപുരം, 04.05.2016

---

പരാമർശം:- 1. 15.07.2015 ലെ സ.ഉ(കൈ) നം. 87/2015/സഹ നമ്പർ സർക്കാർ ഉത്തരവ്.

2. സഹകരണ സംഘം രജിസ്ട്രാറുടെ 03.03.2016 ലെ ഇ.എം(4) 41724/2015 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) ലെ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന നിക്ഷേപ/വായ്പാ പിരിവുകാരുടെയും അപ്രൈസർമാരുടെയും സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിലെ അപാകതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി. സർക്കാരിൽ ലഭിച്ച പ്രസ്തുത നിവേദനങ്ങളുടെ അടിസ്ഥാനത്തിലും പരാമർശം (2) ലെ സഹകരണ സംഘം രജിസ്ട്രാറുടെ കത്തിലെ നിർദ്ദേശങ്ങൾ പരിഗണിച്ചും പ്രസ്തുത സർക്കാർ ഉത്തരവിലെ മൂന്നാം ഖണ്ഡികയിൽ താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

> 3 *സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപ/വായ്പാ പിരിവ് ഊർജ്ജിതമാക്കുന്നതിനായി നിക്ഷേപ/വായ്പാ പിരിവുകാർക്ക് ടൂ വീലർ വാഹന വായ്പ, മറ്റ് ജീവനക്കാർക്ക് നൽകുന്ന വാഹന വായ്പാ പലിശ നിരക്കിൽ ബന്ധപ്പെട്ട സംഘങ്ങൾ അനുവദിക്കേണ്ടതാണ്.*

2. പരാമർശം (1) ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

വി. ഭൂഷൺ
അഡീഷണൽ സെക്രട്ടറി

To

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (എല്ലാ ജില്ലകളിലെയും)

മാനേജിംഗ് ഡയറക്ടർ/പ്രസിഡന്റ്, കേരള സംസ്ഥാന സഹകരണ ബാങ്ക്, കോ-ബാങ്ക് ടവേഴ്സ്, പാളയം, തിരുവനന്തപുരം

ജനറൽ മാനേജർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം

പ്രസിഡന്റ്/ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

*ഉത്തരവിൻപ്രകാരം*

*സെക്ഷൻ ഓഫീസർ*